# സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ




എസ്.കാച്ചപ്പിള്ളി

## മറ്റു കൃതികൾ


**കഥകൾ**

ഒറ്റമുറിവീട്

ഒരു ബുദ്ധിജീവിയും കുറെ അനുയായികളും

ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ

കേശവന്റെ കഥ, എന്റെ വിധിയും

**ലേഖനങ്ങൾ:**

കേരളമോഡൽ പ്രതിസന്ധി

ക്ലബ് ഹൗസ്

ക്ലബ് ഹൗസ് രണ്ടാം ഭാഗം

കേരള സാമ്പത്തിക പ്രതിസന്ധി

**നുറുങ്ങു ലേഖനങ്ങൾ:**

ദുരന്തങ്ങൾ നൽകുന്ന പാഠം

സാന്ത്വനം

**നുറുങ്ങു ചിന്തകൾ:**

മൊഴിമുത്തുകൾ

എന്റെ ജനാധിപത്യ ചിന്തകൾ

കഥ തുടരുന്നു

എന്റെ സാമൂഹ്യ സുരക്ഷാ ചിന്തകൾ

മതമില്ലാത്ത ജീവൻ

# സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ (വാർത്താധിഷ്ഠിതം)

Author : S.Kachappilly

Phone : 9446459784

Facebook : sebastian kachappilly

YouTube : sebastiankachappilly

e-mail : sebastiankachappilly@yahoo.com

Web : www.kachappilly.in

Published on:
November, 2022

ഇടപെടലുകൾ നടത്തി നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയേയും മികച്ച ജനാധിപത്യ സംവിധാനമായ ലോകായുക്തയേയും ദുഷിപ്പിക്കുന്നതിൽ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾക്കുള്ള പങ്ക് കാലം ചെല്ലുന്തോറും കൂടി വരികയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (1)

കോട്ടയം വടവാതൂരിൽ വാടക വീട്ടിനുള്ളിൽ പാൻ മസാല നിർമ്മാണ യൂണിറ്റ് കണ്ടെത്തുകയും ഒരാളെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. ഇത്തരം വാർത്തകൾ കേട്ട് കേരളീയൻ ഭയവിഹ്വലരാകേണ്ടി യിരിക്കുന്നു. നിയമ ലംഘകർക്കും അധാർമ്മിക പ്രവർത്തകർക്കും വളക്കൂറുള്ള മണ്ണായി കേരളം മാറുന്നതിൽ നിന്നും രാഷ്ട്രീയ ഭരണ നേതൃത്വ ങ്ങൾക്ക് ഒഴിഞ്ഞു മാറാൻ കഴിയുകയില്ല. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധ മുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരി ക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ (2)

തൃശൂർ വടക്കേക്കാട് പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർ ഓണാഘോഷം നടുറോഡിലാണ് നടത്തിയത്. നിയമം സംരക്ഷിക്കപ്പെടേണ്ടവർ നിയമം കയ്യിലെടുക്കാൻ ധൈര്യം കാണിക്കുക വഴി നമ്മുടെ നാട്ടിലെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ നിയമം കയ്യിലെടുക്കുന്ന ഇത്തരക്കാർക്ക് വളക്കൂറുള്ള മണ്ണാക്കി നമ്മുടെ സംസ്ഥാനത്തെ മാറ്റിയിരിക്കുന്നു. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (3)

വാഹനങ്ങളുടെ കാര്യത്തിൽ നിയമ വ്യവസ്ഥ ക്കൊത്ത വിധമാണൊ എന്നു പരിശോധിച്ച് ഉറപ്പു വരുത്തേണ്ട ആ.ടി ഓഫീസുകൾ അഴിമതിയുടെ കേന്ദ്രമായി മാറുന്നതായി വാർത്തകളിൽ കാണാം. ഏജന്റ് ഇല്ലെങ്കിൽ ഫയൽ അനങ്ങാത്ത അവ സ്ഥയും കൈക്കൂലിക്ക് ന്യൂജെൻ വഴികളും ഒരുക്കു ന്നവർക്ക് അതിനു പറ്റിയ സാഹചര്യവുമുണ്ടെങ്കിൽ, അത്തരം സാഹചര്യങ്ങൾക്ക് വളക്കൂറുള്ള മണ്ണായി മാറിയെങ്കിൽ, നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾക്ക് അതിൽ നിന്നും ഒഴിഞ്ഞു മാറാൻ സാധിക്കുകയില്ല.  മികച്ച ധാർമിക ബോധ മുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തരാവസ്ഥ
## (4)

പാലക്കാട് വെള്ളിയാങ്കല്ലിലെ പൈതൃക പാർക്കിലെ സുരക്ഷാ ജീവനക്കാരന് തെരുവ് നായയുടെ കടി യേറ്റു. കാലങ്ങളായി തെരുവ് നായകകൾക്ക് വന്ധ്യത ഉറപ്പാക്കാനൊ, അവയുടെ പ്രജനനം തട യാനുതകുന്നതൊ ആയ നടപടികൾ സ്വീകരി ക്കേണ്ടവർ അതിൽ പരാജയപ്പെടുന്നതിലെ ഉത്തര വാദിത്വത്തിൽ നിന്നും സംസ്ഥാനത്തെ രാഷട്രീയ ഭരണ നേതൃത്വത്തിലുള്ളവർക്ക് ഒഴിഞ്ഞു മാറാൻ സാധിക്കുകയില്ല. മികച്ച ധാർമിക ബോധമുള്ള വ്യ ക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (5)

ലിഫ്റ്റിൽ വളർത്തു നായയുമായി കയറിയ സ്ത്രീ അതേ ലിഫ്റ്റിൽ തന്നെ കയറിയ കുട്ടിയെ നായ കടിക്കുന്നതിനും വേദന കൊണ്ടു കുട്ടി പുളയുന്നതും കണ്ടിട്ട് കൂസലില്ലാതെ നിൽക്കുന്ന ചിത്രങ്ങളും വാർത്തയും നവ മാധ്യമങ്ങൾ ഏറെ പങ്കിട്ടതാണ്. ഇത്തരം കൂസലില്ലാത്ത നിലപാടുകൾ സ്വീകരിക്കുന്നവരുടെ എണ്ണം സമൂഹത്തിൽ നിറയുവാൻ കാരണം അത്തരക്കാർക്കെതിരെ കർശന നടപടി സ്വകരിക്കാത്തിനാലും ഇത്തരം പ്രവൃത്തികളുടെ നേർക്ക് സമൂഹത്തിലെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങളിലുള്ളവരുടെ നിലപാടുകളുമാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (6)

ജോലി സമയത്ത് ഓണാഘോഷം നടത്താൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് മാലിന്യം ശേഖരിക്കുന്ന എയറോബിക് ബിന്നിലേക്ക് ഓണസദ്യ എറിഞ്ഞ് പ്രതിഷേധിക്കുന്നവർ നമ്മുടെ സംസ്ഥാനത്ത് മാത്രമെ കാണുകയുള്ളൂ. മാലിന്യമായാലും മറ്റെന്തു ജോലിയായാലും കൃത്യമായ സമയത്ത് കൃത്യതയോടെ ചെയ്താൽ മാത്രമെ സംസ്ഥാനത്തെ ഭൂരിഭാഗം വരുന്നവർക്ക് തുടർന്നും ഓണമാഘോഷിക്കുവാനുള്ള അവസരമുണ്ടാകൂ എന്ന് തിരിച്ചറിയാതെ പോകുന്ന അവസ്ഥക്ക് കാരണക്കാരാകുന്നത് നമ്മുടെ സമൂഹത്തിലെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങളിലെ തീരുമാനങ്ങൾ തന്നെയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ (7)

കെ.എസ്.ആർ.ടി.സി. പോലുള്ള സ്ഥാപനങ്ങൾ നിരക്ക് വർദ്ധിപ്പിക്കാൻ ആവാത്ത വിധം ജനങ്ങളുടെ മേൽ ടിക്കറ്റ് നിരക്കുകൾ അടിച്ചേൽപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് ശമ്പളം കൊടുക്കണമെങ്കിൽ കോടതിയുടെ ഇടപെടൽ വേണ്ടി വരുന്ന അവസ്ഥയിലേക്ക് തൊഴിലാളി യൂണിയനുകൾ ആ സ്ഥാപനത്തെ എത്തിച്ചിരിക്കുന്നു. ഇത്തരം അവസ്ഥയിലേക്ക് നമ്മുടെ പൊതുമേഖല സ്ഥാപനങ്ങളെ കൊണ്ടെത്തിക്കുന്നതിൽ നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾക്ക് വലിയ പങ്ക് തന്നെയാണുള്ളത്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (8)

മുമ്പും നടപടിക്ക് വിധേയനായിട്ടുള്ള പഞ്ചായത്ത് സെക്രട്ടറി ഇപ്പോൾ രണ്ട് ലക്ഷം കൈക്കൂലി ചോദിച്ചതിന്റെ പേരിൽ പിടിയിലായിരിക്കുകയാണ്. മുമ്പും നടപടിക്ക് വിധേയമായിട്ടുള്ള ഇദ്ദേഹത്തെ തുടരാൻ അനുവദിക്കുകവഴി ഇത്തരക്കാർക്ക് വള ക്കൂറുള്ള മണ്ണായി നമ്മുടെ സംസ്ഥാനത്തെ മാറ്റുന്ന തിൽ രാഷ്ട്രീ ഭരണ നേതൃത്വങ്ങൾക്ക് ഒഴിഞ്ഞു മാറാൻ സാധിക്കുകയില്ല. മികച്ച ധാർമിക ബോധ മുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (9)

മുണ്ടുടുത്തെത്തിയത് സീനിയർ വിദ്യാർത്ഥികളുടെ അനുവാദമില്ലാതെയാണ് എന്ന കാരണത്താൽ വിദ്യാർത്ഥികൾ തമ്മിൽ അടിപിടി കൂടുന്ന സംസ്ക്കാരമുള്ള സംസ്ഥാനമായി മാറുകയാണ് നമ്മുടെ സംസ്ഥാനം. ഇത്തരം ലവലേശം സംസ്ക്കാരമില്ലാത്ത പ്രവൃത്തികൾ മാതൃകയാക്കാൻ വിധം നമ്മുടെ സംസ്ഥാനത്തെ ഒരുക്കുന്നതിൽ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾക്ക് കൂടിയ പങ്ക് തന്നെയാണുള്ളത്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേ**ണ്ടി**യിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (10)

എമർജൻസി വാതിലിലൂടെ എൽ.കെ.ജിയിൽ പഠിക്കുന്ന വിദ്യാർത്ഥി റോഡിലേക്ക് തെറിച്ചു വീഴാൻ വിധം നമ്മുടെ സ്ക്കൂൾ ബസ്സുകൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നു. ഇത്രയും അലക്ഷ്യമായി കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ധൈര്യം കാണിക്കുന്നത് നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ ഭരണ നേതൃത്യങ്ങൾ എത്ര അലക്ഷ്യമായി ഇത്തരം കാര്യങ്ങളെ കൈകാര്യം ചെയ്യുന്നു എന്നു തന്നെയാണ് വ്യക്തമാകുന്നത്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ (11)

നോട്ട് നിരോധന കാലത്ത് ചെരിപ്പ് കമ്പനിയിലെ ജോലിക്കാരൻ കരുവന്നൂരിൽ കോടികളാണ് മാറ്റി യെടുത്തത്. നോട്ട് നിരോധനത്തിന്റെ ലക്ഷ്യത്തെ അട്ടിമറിക്കുന്ന ഇത്തരക്കാർക്ക് വളരെ എളുപ്പം ഇതിനൊക്കെ കഴിയുന്നതിന് പ്രധാന കാരണം നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ ഭരണ നേതൃ ത്വങ്ങളുടെ നിലപാടുകളാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖ ലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂ ഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ (12)

അമ്മയുടെ മടിയിലിരുന്ന് അഞ്ച് വയസുകാരനായ കുട്ടി ചികത്സ കിട്ടാതെ ആശുപത്രിയുടെ മുമ്പിൽ കിടന്നു മരിക്കും വിധം നമ്മുടെ സംസ്ഥാനം വളർന്നിരിക്കുകയാണ്. ഇത്തരം ദയനീയ അവസ്ഥ കൾക്ക് നമ്മുടെ സംസ്ഥാനം വേദിയാകുന്നതിന് പ്രധാന കാരണമായി പറയാനുള്ളത് രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ നിഷ്ക്രിയതയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധ മുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരി ക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (13)

സി.സി.ടി.വിയിൽ സുരക്ഷാ ജീവനക്കാരനെ മർദ്ദിക്കുന്നത് വ്യക്തമായിട്ടും ഇത്തരം നിയമ ലംഘകരെ അറസ്റ്റ് ചെയ്യാൻ കൂട്ടാക്കാതെ രാഷ്ട്രീയ ഒത്തുകളിക്കാണ് ശ്രമിക്കുന്നത്. ഇത്തരം നിയമ ലംഘനങ്ങൾ നടമാടുന്നത് രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ പ്രോത്സാഹനത്തിലാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

# സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (14)

വില്ലേജ് ആഫിസർ ഭൂമി പോക്കു വരവിന് പതിനായിരങ്ങൾ കൈക്കൂലി വാങ്ങിയതിന് കേരളം സാക്ഷിയാകേണ്ടി വന്നു. ഇത്തരം കൈക്കൂലിയുടെ കേന്ദ്രങ്ങളായി നമ്മുടെ സംസ്ഥാനം മാറുന്നത് അവിടത്തെ ഭരണ രാഷ്ട്രീയ നേതൃത്വങ്ങളുടെ നിഷ്ക്രിയത തന്നെയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (15)

ബീച്ച് ആശുപത്രിയിൽ നിന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്ത രോഗി ആംബുലൻസിന്റെ കാലപ്പഴക്കം മൂലം ആംബുലൻസിൽ കുടുങ്ങി. ആംബുലൻസിന്റെ പഴമയെപ്പറ്റി ആവലാതിപ്പെടാത്ത സമൂഹമായി മാറിയ നമ്മുടെ സംസ്ഥാനം ജനങ്ങളുടെ ജീവനുപോലും വിലകൽപ്പിക്കാതെ അടിയന്തരാവസ്ഥക്ക് സമാനമായ അന്തരീക്ഷത്തിൽ കൊണ്ടെത്തിച്ചിരിക്കുകയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (16)

വരന്റെ കൂട്ടർക്ക് പപ്പടം കിട്ടാത്തിന്റെ പേരിൽ വിവാഹവേദി കൂട്ടതല്ലു വേദിയായി മാറുന്നവിധം നല്ല സംസ്ക്കാരമുള്ളവരായി നമ്മുടെ സംസ്ഥാനം മാറിയിരിക്കുന്നു. പപ്പടത്തിന്റെ പേരിൽ കൂട്ടതല്ലു ണ്ടാക്കും വിധം അടിയന്തരാവസ്ഥക്ക് സമാനമായ അന്തരീക്ഷത്തിൽ സമൂഹം എത്തിപ്പെടുന്നതിൽ രാഷ്ട്രീയക്കാർക്ക് നല്ല പങ്ക് തന്നെയാണുള്ളത്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപ ത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (17)

കേരള സംസ്ഥാനത്തെ റോഡുകളെല്ലാം പലയിടത്തും സീബ്രലൈനുകളില്ലാത്തത് കൊണ്ടുള്ള അപകട ഭീഷണിയിലാണ്. സ്ക്കൂളുകൾ തുറക്കുന്നതിനു മുമ്പെ റോഡുകളിൽ സീബ്ര ലൈനുകൾ ഉണ്ടാകുമെന്നുറപ്പാക്കാൻ നമുക്ക് കഴിയാതെ പോകുന്നത് നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ ഭരണ മേഖലയിലെ പിടിപ്പു കേടുതന്നെയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (18)

വിദ്യാർത്ഥികൾ മാരകമായ ലഹരി ആംപ്യൂളുകൾ ഉപയോഗിക്കും വിധം നമ്മുടെ സംസ്ഥാനവും വളർന്നിരിക്കുകയാണ്. ഇത്തരം ആംപ്യൂളുകൾ വിദ്യാർത്ഥികൾക്കെത്തിച്ചു കൊടുക്കുന്ന ആളു കളുടെ വൻസംഘത്തെ നിയന്ത്രിക്കാനാവാത്ത വിധം നമ്മുടെ സമൂഹം മാറിയിരിക്കുന്നു. സമൂഹം ഇത്തരം സാധ്യതകളെപ്പറ്റി നിസംഗത പുലർത്തേണ്ടി വരുന്നു എന്നത് രാഷ്ട്രീയ ഭരണ മേഖലയിലെ പോരായ്മ തന്നെയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധ മുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരി ക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (19)

മകളുടെ വിവാഹത്തിന് വീട്ടിലെ കിടപ്പു മുറിയിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണാഭരണങ്ങൾ മോഷണം പോകുന്നതുമൊക്കെ ഇന്നു നമ്മുടെ സംസ്ഥാനത്ത് വാർത്താ പ്രാധാന്യമുള്ള സംഭവമല്ലാതായി മാറിയിരിക്കുന്നു. മോഷണങ്ങളെ നിസ്സാരവത്ക്കരിക്കാനുള്ള ശ്രമങ്ങൾ നമ്മുടെ സമൂഹത്തിൽ സാധാരണമായിരിക്കുന്നത് രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ വളർത്തിയെടുത്ത ചിന്താധാര തന്നെയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (20)

ഏഴാം ക്ലാസ്സ് മുതൽ ലഹരി ഉപയോഗിക്കുന്ന വിദ്യാർത്ഥിയും വിദ്യാർത്ഥിയെ തേടി എക്സൈസ് ജീപ്പ് സ്ക്കൂളിൽ എത്തുന്നതുമൊക്കെ നമ്മുടെ സംസ്ഥാനത്ത് വലിയ വാർത്തയല്ലാതായി മാറിയിരി ക്കുന്നു. വിദ്യാർത്ഥികളിലും യുവാക്കളിലുമൊക്കെ ലഹരിയുടെ വർദ്ധിച്ചു വരുന്ന ഉപയോഗം സൂചിപ്പി ക്കുന്നത് നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ ലഹരിയിലൂന്നിയ സമാനമായ യാത്ര യിലാണ് എന്നതാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ (21)

കെ.എസ്.ഇ.ബി ഓഫീസിലെ സബ് എഞ്ചിനീയർ കൈക്കൂലിയായി വാങ്ങിയ നോട്ട് വിഴുങ്ങി വിജിലൻസിന്റെ പിടിയിൽ നിന്നു രക്ഷപെടാനാണ് ശ്രമിച്ചത്. കൈക്കൂലിയുടെ അരങ്ങായി നമ്മുടെ സംസ്ഥാനം മാറുമ്പോൾ അത് സൂചിപ്പിക്കുന്നത് എന്തൊക്കെയൊ അമിതമായി ചീഞ്ഞു നാറുന്നുണ്ടെന്നും നമ്മുടെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ അത്തരത്തിലൊരു സമാനമായ അന്തരീക്ഷം സമൂഹത്തിൽ നിലനിർത്തുന്നു എന്നതുമാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (22)

കോടികൾ മുടക്കി പണിതിട്ടും എങ്ങുമെത്താത്ത കോട്ടയത്തെ ആകാശപാതയുടെ പല തൂണുകളും പൊളിഞ്ഞു വീഴാറായെന്ന വിഷയം കോടതിയുടെ മുമ്പിൽ എത്തിയിരിക്കുകയാണ്. വ്യക്തമായ ദീർഘവീക്ഷണമില്ലാതെ അവിടെയും ഇവിടെയും നിർമ്മാണമാരംഭിച്ച് എങ്ങുമെത്താതെയുള്ള നമ്മുടെ സംസ്ഥാനത്തിലെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ നിലപാടുകൾ അടിയന്തിരാവസ്ഥക്ക് സമാനമായ അന്തരീക്ഷത്തിലാണ് എന്നു വ്യക്തമാക്കുന്നു. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (23)

നിർദ്ധന കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന സൗജന്യ റേഷൻ അനർഹമായി കൈപ്പറ്റി വർഷങ്ങളോളം കൊള്ളയടി തുടരുന്നു. കൊള്ളയടിക്കാർക്ക് അർഹതയില്ലാത്തത് കൈപ്പറ്റാനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്ന രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ സംസ്ഥാനത്ത് ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നു എന്നു വ്യക്തം. ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ (24)

നൈറ്റ് ലൈഫ് നഗരങ്ങളുടെ പട്ടികയിൽ തിരുവനന്തപുരവും എത്തിനിൽക്കുകയാണ്. ലഹരി മാഫിയക്ക് പിടിമുറുക്കുവാൻ ഒരിടം കൂടിയാകുന്നു എന്നു ഭയപ്പെടേണ്ടി വരുന്നത് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ വളർത്തിയെടുത്ത അന്തരീക്ഷം തന്നെയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (25)

റോഡിൽ രൂപപ്പെട്ട ചില കുഴികൾ മൂലം വാഹനങ്ങൾ പോയിട്ട് കാൽനടയാത്രക്ക് പോലും യാത്ര ചെയ്യാൻ പറ്റാത്ത അവസ്ഥയാണ്. ഇത്തരം ഒരവസ്ഥയിൽ എത്തിപ്പെടും വിധം നമ്മുടെ സംസ്ഥാനത്തെ റോഡുകളുടെ വികസനാത്മകമല്ലാത്ത അവസ്ഥക്ക് കാരണം കാലങ്ങളായി സമൂഹത്തിൽ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ വളർത്തിയെടുത്ത സമാനമായ അഴിമതിയിലൂന്നിയ ചിന്താ രീതികളാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (26)

നമ്മുടെ സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ വർദ്ധനവിന് പ്രധാന കാരണങ്ങളിലൊന്ന് മാലിന്യം വലിച്ചെറിയുന്നതാണ്. മാലിന്യം വലിച്ചെറിയുന്നത് തടയുവാനൊ അങ്ങനെ മാലിന്യം വലിച്ചെറിയുന്ന വർക്ക് ഉചിതമായ ശിക്ഷ ഉറപ്പാക്കാനൊ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾക്ക് കഴിയാത്തതുമൂലം രോഗാവസ്ഥക്ക് സമാനമായ അവസ്ഥയിലാണ് കേരളം എന്ന് വെളിവാക്കപ്പെടുന്നു. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ (27)

നമ്മുടെ നാട് മയക്ക് മരുന്നു ലഹരി മാഫിയയുടെ പിടയിലമർന്ന് കഴിഞ്ഞിരിക്കുന്നു. കൗമാര ക്കാരേയും യുവാക്കളേയും വിദ്യാർത്ഥികളേയും പെൺകുട്ടികളേയും ഇതിന്റെ ഇരകളാക്കി മാറ്റാ നുള്ള ശ്രമങ്ങൾ വ്യാപകമായി വിജയിക്കുന്നു എന്നത് നമ്മുടെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ നിഷ്ക്രിയത വെളിവാക്കപ്പെടുന്നു. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖ ലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂ ഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ (28)

നമ്മുടെ സംസ്ഥാനം നിത്യനിദാന ചിലവുകൾക്ക് പുറമെ ആഘോഷങ്ങൾക്കു വേണ്ടിയും കോടികൾ കടമെടുക്കുന്നു. നമ്മുടെ സംസ്ഥാനത്തെ കടക്കെണിയിലാക്കും വിധം, സമൂഹത്തിന് കടക്കെണിയിൽ നിന്നും രക്ഷപെടാനാവാത്ത വിധത്തിലുള്ള അവസ്ഥയിലെത്തിക്കുന്നതിൽ നമ്മുടെ രാഷ്ട്രീയ ഭരണാധികാരികൾ സമാനമായ ചിന്താഗതികളാണ് സമൂഹത്തിൽ വളർത്തിയെടുത്തത് എന്നു പറയേണ്ടി വരുന്നു. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (29)

നമ്മുടെ സംസ്ഥനത്ത് നിലനിൽക്കുന്ന മോശമായ വ്യവസായ കാലാവസ്ഥക്ക് പുറമെയാണ് സംരംഭ കർ പല തദ്ദേശ സ്ഥാപനങ്ങളെയും പേടിച്ച് നാടു വിടുന്നത്. സംസ്ഥാനത്ത് രാഷ്ട്രീയ ഭരണ നേതൃ ത്വങ്ങൾ ഇത്തരം അടിയന്തിരാവസ്ഥക്ക് സമാനമായ വ്യവസായ അന്തരീക്ഷം വളർത്തിയെടുക്കുന്നതിൽ മത്സരിക്കുകയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (30)

മാരക മയക്കുമരുന്നായ മെഥാക്വിനോൾ രാജ്യങ്ങൾ താണ്ടി ഇന്ത്യയിലേക്ക് എത്തുന്നത് ഒരു മലയാളിയുടെ കയ്യിലൂടെയാണ് എന്നതിൽ എത്തിനിൽക്കുന്നു വാർത്തകൾ. അത്തരമൊരു അവസ്ഥയിലേക്ക് മലയാളികളുടെ ചിന്താഗതി ഉയർത്തുന്നതിൽ പ്രധാന പങ്ക് നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾക്ക് തന്നെയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (31)

നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന ആരാധനാലയങ്ങൾ അടച്ചു പൂട്ടണമെന്ന് കോടതിക്ക് നിർദ്ദേശിക്കേണ്ടി വരുന്നു. പാർട്ടി ഓഫീസുകളായാലും ആരാധനാലയങ്ങളായാലും നിയമ വിരുദ്ധമായി സ്ഥലങ്ങൾ കൈയ്യേറിയും മറ്റും പ്രവർത്തിക്കുന്നവ അടച്ചു പൂട്ടേണ്ടതാണ്. ഇത്തരം പാർട്ടി ഓഫീസുകളും ആരാധനായലങ്ങളും അടച്ചു പൂട്ടേണ്ടവയാണെന്ന് രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ തിരിച്ചറിയാതെ പോകുന്നത് സമാനമായ വീക്ഷണമാണ് അവരുടെ മനസ്സുകളിൽ കുടികൊള്ളുന്നത് എന്നതു തന്നെയാണ്.  മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (32)

പിങ്ക് പോലീസ് അപമാനിച്ച കുട്ടിക്ക് നഷ്ടപരിഹാരം നൽകാൻ ഉദ്യോഗസ്ഥയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആ ഉദ്യോഗസ്ഥ ജോലിയിൽ തുടരുന്നത് ശരിയല്ല എന്ന് നമ്മുടെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ തിരിച്ചറിയാതെ പോകുന്നുണ്ടെങ്കിൽ അതിനു കാരണം ഉദ്യോഗസ്ഥ മാത്രമല്ല സംസ്ഥാനത്തെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങളും ഇത്തരം സമാനമായ ചിന്താധാരയിലുള്ളവരാണ് എന്നതുകൊണ്ടാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (33)

പല സ്ക്കൂൾ മാനേജ്മെന്റും തങ്ങളുടെ സ്ക്കൂളിൽ എത്ര എ പ്ലസ് കിട്ടണമെന്ന് അവിടത്തെ ടീച്ചർമാർക്ക് ടാർജറ്റ് കൊടുക്കുകയാണ്. ഇത്തരം ടാർജറ്റ് കൊടുക്കലിലൂടെ ടീച്ചർമാർക്ക് മാത്രമല്ല കുട്ടികൾക്കും സമൂഹത്തിനും ആവശ്യത്തിലധികം പിരിമുറുക്കം നൽകുകകയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (34)

സർവ്വകലാശാലകളിൽ വൈസ് ചാൻസലർ നിയമനത്തിന് ഗവർണർ നിയമിച്ച സെർച്ച് കമ്മിറ്റിയെ അപ്രസക്തമാക്കിക്കൊണ്ട് സർവ്വകലാശാല നിയമ ഭേദഗതിക്ക് മുൻകാല പ്രാബല്യം കൊടുക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. സർവ്വകലാശാല പോലുള്ള പരിപാവനമായ സ്ഥാപനങ്ങളിൽ ഗവർണറുടെ നിയന്ത്രണാധികാരം കുറച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങളാണ് ഉണ്ടാകുന്നത്. ഫെഡറൽ ഘടനയെന്ന സ്വഭാവത്തെ അട്ടിമറിക്കാനുള്ള ശ്രമവും അതുവഴി അടിയന്തരാവസ്ഥക്ക് സമാനമായ അന്തരീക്ഷവുമൊരുക്കുകയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (35)

ചായയിൽ കീടനാശിനി കലക്കി അമ്മയെ കൊന്ന മകൾ അച്ഛനേയും കൊല്ലാൻ ശ്രമിച്ചു. സ്വത്ത് കൈക്കലാക്കാനും ആർഭാട ജീവിതത്തിനുമായുള്ള ത്വര സമൂഹത്തിൽ വളർത്തിയെടുക്കുന്നതിൽ നിന്നും സംസ്ഥാനത്തെ ഭരണ രാഷ്ട്രീയ നേതൃത്വ ങ്ങൾക്ക് ഒഴിഞ്ഞു മാറാൻ കഴിയില്ല. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധ മുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരി ക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (36)

അട്ടപ്പാടിയിൽ ശിശുമരണം നടക്കുന്നു. കേരളത്തിലെ പിന്നോക്കപ്രദേശങ്ങളായ അട്ടപ്പാടി പോലുള്ള പ്രദേശവാസികളുടെ വിദ്യാഭ്യാസം, ആരോഗ്യം, പശ്ചാത്തല വികസനം തുടങ്ങി പലവിധങ്ങളായ വളർച്ചകൾക്കായി ചിലവാക്കിയ കോടികൾ പലപ്പോഴും അവരിലേക്കെത്താറില്ല. ഇത്തരം ശിശു മരണങ്ങൾ അട്ടപ്പാടിയിൽ തുടരുന്നതിൽ രാഷ്ട്രീയ ഭരണ മേഖലയിലുള്ളവരുടെ നിലപാടുകൾ തന്നെയാണ് കാരണമായിട്ടുള്ളത്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (37)

കിട്ടാക്കടം വർദ്ധിച്ചതിനെ തുടർന്ന് കേരളത്തിലെ ഒരു അർബൻ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം ആറ് മാസത്തേക്ക് റിസർവ് ബാങ്ക് മരവിപ്പിക്കുകയുണ്ടായി. ഒരു കുടുംബം അഞ്ചു കോടിക്ക് മേൽ രൂപയാണ് പോലും അടക്കാനുള്ളത്. സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങളിലെ പോരായ്മകൾ പെരുകുകയാണ്. കേരളത്തിലെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ സമൂഹത്തിൽ വളർത്തിയെടുത്ത മെച്ചമല്ലാത്ത നിലപാടുകളാണ് കേരളത്തിലെ സഹകരണ മേഖല പരിതാപകരമായ അവസ്ഥയിലെത്താൻ കാരണം. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (38)

അവരവരുടെ കേസിൽ അവരവർ തന്നെ ജഡ്ജിമാരാകുന്നു എന്നതാണ് കേരള സംസ്ഥാനം മുന്നോട്ടു വക്കുന്ന ലോകായുക്ത നിയമ ഭേദഗതിയുടെ പരിണിതഫലം. ഇത് സ്വാഭാവിക നീതിക്ക് നിരക്കാത്തതാണ്. സ്വാഭാവിക നീതിക്ക് നിരക്കാത്ത ഇത്തരം നിയമ ഭേദഗതികൾ കേരളത്തിൽ അരങ്ങേറുന്നു എന്നത് നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ ഭരണ മേഖലയിലെ വളർച്ചാ നിരക്ക് മൈനസ്സിലാണ് എന്നതാണ് സൂചിപ്പിക്കുന്നത്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (39)

കോളേജ് പ്രിൻസിപ്പലിനെ മുറിയിൽ പൂട്ടിയിട്ട് വിദ്യാർത്ഥി സംഘടന. നമ്മുടെ സംസ്ഥാനത്തെ മുതിർന്ന കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇപ്പോൾ വിദ്യാർത്ഥികൾ അദ്ധ്യാപകരാൽ നയിക്കപ്പെടുകയല്ല മറിച്ച് വിദ്യാർത്ഥികളാൽ അദ്ധ്യാപകർ നയിക്കപ്പെടുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. ഇത്തരം തലതിരിഞ്ഞ വ്യക്തിത്വങ്ങളെ രൂപപ്പെടുത്തുന്നതിൽ സംസ്ഥാനത്ത് നിലവിലുള്ള രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ പങ്ക് എടുത്ത് പറയേണ്ടതാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (40)

നമ്മുടെ സംസ്ഥാനത്ത് ബസ് ജീവനക്കാരിൽ ധാരാളം പേരും മദ്യലഹരിയിലാണ് എന്നതാണ് പുതിയ റിപ്പോർട്ട്. കൂടുതൽ ബസ് ജീവനക്കാർ പോലീസ് പിടിയിലാകുന്നതിൽ നിന്നും മനസ്സിലാക്കാവുന്നത് നമ്മുടെ സംസ്ഥാനത്തെ ബസ്സുകൾ അനേകാരിയങ്ങളുടെ ജീവന് വലിയ വിലയൊന്നും നൽകുന്നില്ല എന്നതാണ്. ഇത്തരം ധാർഷ്ഠ്യം പ്രകടിപ്പിക്കുന്നതിന് പ്രചോദനമാകുന്നത് രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ പ്രചോദനങ്ങൾ തന്നെയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (41)

ഒരു മാസത്തെ ശമ്പളത്തിനും പെൻഷനുമായി ഏകദേശം അയ്യായിരം കോടി ചിലവഴിക്കുന്ന സർക്കാരിന് ബോണസ് ഉൾപ്പെടെയുള്ള ചെലവുകൾ കൂടി ചേരുമ്പോൾ ആ തുക എണ്ണായിരം കോടിയായി ഉയരും. ഇങ്ങനെ നിത്യനിദാന ചിലവുകൾക്കായി കടമെടുക്കേണ്ടി വരുന്ന സർക്കാർ സംവിധാനം ജനങ്ങളെ കടക്കെണിയിലേക്ക് എത്തിക്കുകയാണ്. വർദ്ധിച്ചു വരുന്ന ജനങ്ങളുടെ ഋണഭാരം രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ പിടിപ്പുകേടും അലംഭാവപൂർണ്ണമായ മാനേജ്മെന്റുമാണ് സൂചിപ്പിക്കുന്നത്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (42)

നമ്മുടെ സംസ്ഥാനമായ കേരളം നേരിടുന്ന പ്രതിസന്ധി, സംസ്ഥാന ഖജനാവിന് വേണ്ടത്ര ശേഷിയില്ലാ എന്നതാണെന്നും ആയത് പരിഹരിക്കാനാണ് കിഫ്ബി എന്നതുമാണ് വിശദീകരണം. കിഫ്ബി വഴിയായാലും കടമെടുക്കുന്നതിന് എന്തുതന്നെ പേരിട്ടാലും കടം എന്നത് കടം തന്നെയായി തുടരുമെന്നത് ആർക്കാണ് അറിയാത്തത്. ഏറ്റവും കുറഞ്ഞ ചിലവിൽ ഭരണ നിർവ്വഹണം നടത്തി പുരോഗമനവും വികസനാത്മകവുമായ കാഴ്ചപ്പാട് രൂപപ്പെടുത്തുകയാണ് വേണ്ടത് എന്നത് രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (43)

കേരളത്തിലെ വൈസ് ചാൻസലർ നിയമനങ്ങളിൽ ഗവർണറും യു.ജി.സി പ്രതിനിധിയും നോക്കുകുത്തികളാകുന്ന നിയമ ഭേദഗതിയിലേക്കാണ് നമ്മുടെ സംസ്ഥാനം മുന്നേറുന്നത്. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരാണ് എന്ന വാദഗതികളുയർത്തി ജനാധിപത്യ ഭാരതത്തിന്റെ പൂർവ്വീകർ പടിതുയർത്തിയ പഴുതുകളടച്ചുള്ള വൈസ് ചാൻസലർ തിരഞ്ഞെടുപ്പിനെ അട്ടിമറിക്കാനാണ് രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ ശ്രമിക്കുന്നത്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
## (44)

യൂണിവേഴ്സിറ്റിയിലെ നിയമനത്തിൽ താരതമ്യേന കുറഞ്ഞ സ്കോർ പോയിന്റ് മാത്രമുള്ളയാൾക്ക് ഒന്നാം റാങ്ക് നൽകിയപ്പോൾ ഏറ്റവും കൂടുതൽ റിസർച്ച് സ്കോർ പോയിന്റുള്ളയാൾക്ക് രണ്ടാം റാങ്കാണ് നൽകിയത്. ഇത്തരം ഇടപെടലുകൾ നടത്തി നമ്മുടെ വിദ്യാഭ്യാസ മേഖലയെ ദുഷിപ്പിക്കുന്നതിൽ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾക്കുള്ള പങ്ക് കാലം ചെല്ലുന്തോറും കൂടി വരികയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നമ്മുടെ സമൂഹം മാറേണ്ടിയിരിക്കുന്നു.

## സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ
### (വാർത്താധിഷ്ഠിതം)

# എസ്.കാച്ചപ്പിള്ളി



ഇടപെടലുകൾ നടത്തി നമ്മുടെ വിദ്യാഭ്യാസ മേഖലയെയും മികച്ച ജനാധിപത്യ സംവിധാനമായ ലോകായുക്തയേയും ദുഷിപ്പിക്കുന്നതിൽ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾക്കുള്ള പങ്ക് കാലം ചെല്ലുന്തോറും കൂടി വരികയാണ്. മികച്ച ധാർമിക ബോധമുള്ള വ്യക്തിത്വങ്ങളെ രാഷ്ട്രീയ ഭരണ മേഖലയിൽ പ്രതിഷ്ഠിച്ച് ജനാധിപത്യ ബോധമുള്ള സമൂഹമായി നാം മാറേണ്ടിയിരിക്കുന്നു.

**സംസ്ക്കാര, കൊച്ചി–682 509**

**9446459784**